I/8825/2023

# കേരള കാർഷിക സർവ്വകലാശാല

## നടപടിക്രമം

കേരള കാർഷിക സർവ്വകലാശാല – വിദ്യാഭ്യാസം – കേരള കാർഷിക സർവ്വകലാശാലയുടെ പരീക്ഷാ ചോദ്യപേപ്പർ തയ്യാറാക്കുന്നതിനുള്ള പ്രതിഫലം 1500/- ൽ നിന്ന് 3000/- ആയി വർദ്ധിപ്പിച്ച് ഉത്തരവാകുന്നു.

---

## വിദ്യാഭ്യാസ ഡയറക്ടറേറ്റ്

KAUEDU/933/2023-EDU B2 08-11-2023

---

പരാമർശം: 1. 21.06.2010 തിയ്യതിയിലെ അക്കാഡ് ബി2/14178/2009 നമ്പർ ഉത്തരവ്.
2. 28.12.2016 തിയ്യതിയിൽ നടന്ന129-ാമത് അക്കാദമിക് കൗൺസിൽ യോഗം.
3. 01.03.2017 തിയ്യതിയിലെ 553-ാമത് ഭരണസമിതി യോഗം.
4. 09.03.2017 തിയ്യതിയിലെ അക്കാഡ് ഇ1/10826/2016 നമ്പർ ഉത്തരവ്.
5. 07.07.2022-ൽ ചേർന്ന ബോർഡ് ഓഫ് സ്റ്റഡീസ് ഫാക്കൽറ്റി ഓഫ് അഗ്രികൾച്ചറിന്റെ 64-ാമത് യോഗം.
6. 22.07.2022-ൽ നടന്ന 138-ാമത് അക്കാഡമിക് കൗൺസിൽ യോഗം.
7. 29.07.2023 തിയ്യതിയിൽ നടന്ന 612-ാമത് ഭരണസമിതി തീരുമാനം.

## ഉത്തരവ്

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിലെ പരീക്ഷകൾക്കായുള്ള രണ്ട് സെറ്റ് ചോദ്യപേപ്പറും അവയുടെ ഉത്തരസൂചികയും തയ്യാറാക്കുന്നതിനുള്ള പ്രതിഫലം സൂചന (3), (4) എന്നിവ പ്രകാരം നിലവിൽ 1500/- രൂപയായി നിശ്ചയിച്ചിട്ടുള്ളതാണ്. എന്നാൽ ഈ പ്രതിഫലം വളരെ കുറവാണെന്നും, പ്രതിഫലം വർദ്ധിപ്പിക്കണം എന്നും നിരവധി വിദഗ്ദ്ധർ ആവശ്യപ്പെട്ടിരുന്നു. വിദഗ്ദ്ധരുടെ അപേക്ഷകളുടെ അടിസ്ഥാനത്തിൽ മേൽ പ്രവൃത്തിക്കുള്ള പ്രതിഫലം 1500/- ൽ നിന്നും 3000/- ത്തിലേക്ക് ഉയർത്തുവാൻ സൂചന (5) പ്രകാരം ശുപാർശ ചെയ്യുകയുണ്ടായി. പ്രസ്തുത ശുപാർശ സൂചന (6) പ്രകാരം സർവ്വകലാശാല അക്കാദമിക് കൗൺസിൽ അംഗീകരിച്ചിരുന്നു. അക്കാഡമിക് കൗൺസിൽ ശുപാർശ ഭരണസമിതിയുടെ തീരുമാനത്തിനായി സമർപ്പിക്കുകയും സൂചന (7) പ്രകാരം, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിലെ പരീക്ഷകൾക്കായുള്ള ചോദ്യപേപ്പറും അവയുടെ ഉത്തരസൂചികയും തയ്യാറാക്കുന്നതിനുള്ള പ്രതിഫലം രണ്ട് സെറ്റിന് 3000/- രൂപയായി ഉയർത്തിക്കൊണ്ട് ഭരണസമിതി തീരുമാനിക്കുകയും ചെയ്തിരുന്നു.

ഈ സാഹചര്യത്തിൽ, കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വിവിധ കോളേജുകളിലെ പരീക്ഷകൾക്കായുള്ള ചോദ്യപേപ്പറും അവയുടെ ഉത്തരസൂചികയും തയ്യാറാക്കുന്നതിനുള്ള പ്രതിഫലം രണ്ട് സെറ്റിന് 3000/- രൂപയായി ഉയർത്തിക്കൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ഈ ഉത്തരവിന് (പ്രതിഫലവർദ്ധനവിന് ഭരണസമിതി അംഗീകാരം നല്കിയ) 29.07.2023 മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

S. Gopakumar

DIRECTOR OF EDUCATION

സ്വീകർത്താവ്: 1. എല്ലാ ഡീൻ ഓഫ് ഫാക്കൽറ്റി/ ഡീൻമാർക്കും
2. കൺട്രോളർ ഓഫ് എക്സാമിനേഷൻ
3. എല്ലാ കോളേജുകളിലേയും അക്കാഡമിക് ഓഫീസേഴ്സിനും
4. പ്രോഗ്രാമർ (എഡ്യൂ), കെ.എ.യു (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

I/8825/2023

പകർപ്പ് : വൈസ് ചാൻസലറുടെ പി.എസ്./ രജിസ്ട്രാറുടെ പി.എ./ പ്രൊഫസർ (അക്കാഡ്)/
എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ ഓഫീസർമാർക്കും/
കരുതൽ ശേഖരം